2402
10/2/21

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലും വിവിധ ആവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന അപേക്ഷാഫോറങ്ങളിൽ സ്ത്രീ/പുരുഷൻ/ട്രാൻസ്ജെൻഡർ/ട്രാൻസ് സ്ത്രീ/ട്രാൻസ് പുരുഷൻ എന്നിങ്ങനെ കൂട്ടിച്ചേർത്ത് പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.03/2021/സാനീവ** **തീയതി, തിരുവനന്തപുരം, 17/01/2021**

---

പരാമർശം: 1. ജെൻഡർ അഡ്വൈസറുടെ 18.09.2020, 18.11.2020 ലെ ജി.എ/ഡബ്ല്യു.സി.ഡി/2020/24 നമ്പർ കത്ത്.

2. വനിത ശിശു വികസന വകുപ്പ ഡയറക്ടറുടെ 19.11.2020 ലെ ഡബ്ല്യു.ഇസി1/12720/20 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലും വിവിധ ആവശ്യങ്ങൾക്കായി നിലവിലുള്ള അപേക്ഷാഫോറങ്ങളിൽ പലതും സ്ത്രീകൾക്ക് അപേക്ഷിക്കാൻ അപര്യാപ്തമാണെന്നും മിക്ക ഫോറങ്ങളിലും അപേക്ഷകൻ എന്നു മാത്രമേ കാണുന്നുള്ളു എന്നും ലിംഗ നിഷ്പക്ഷത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അപേക്ഷകൻ/അപേക്ഷക എന്നാക്കി മാറ്റാവുന്നതാണെന്നും, ട്രാൻസ്ജെൻഡർ വിഭാഗത്തിനായി ഒരു പോളിസി ഉണ്ടാക്കുകയും, അവരുടെ ലിംഗ നിർണ്ണയ സർജറിക്കായി ധനസഹായം കൊടുക്കുകയും ചെയ്യുന്ന കേരളത്തിൽ അതുകൊണ്ട് സ്ത്രീ/പുരുഷൻ/ട്രാൻസ് സ്ത്രീ/ട്രാൻസ് പുരുഷൻ എന്നിങ്ങനെ അപേക്ഷ ഫോമുകളിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ജെൻഡർ അഡ്വൈസർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലും വിവിധ ആവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന അപേക്ഷാ ഫോമുകളിൽ അപേക്ഷകൻ എന്നു രേഖപ്പെടുത്തിയത് 1897 ലെ സാമാന്യ ഖണ്ഡം ആക്ടിന്റെ (General Clauses Act 1897) (Act 10 of 1897) 13-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സ്ത്രീകൾക്ക് അപേക്ഷിക്കാൻ അപര്യാപ്തമാണെന്ന് പറയുവാൻ കഴിയില്ലെന്നും, ട്രാൻസ്ജെൻഡർ വ്യക്തികളുടെ വിഷയത്തിൽ 2019 ലെ The Transgender Persons (Protection of

Rights Act) (Act 40 of 2019) ന്റെ 2(K) വകുപ്പിലും അദ്ധ്യായം III ൽ Recognition of Identity of Transgender Person - 4, 5, 6, 7 എന്നീ വകുപ്പുകളിലും 7-ാം വകുപ്പിന്റെ Provision ലും ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഐഡന്റിറ്റിയെ കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിരിക്കയാൽ ആക്ടിന്റെ 2(K) വകുപ്പിൽ നിർവചിച്ച പ്രകാരം ട്രാൻസ്ജെൻഡർ/ട്രാൻസ് സ്ത്രീ/ ട്രാൻസ് പുരുഷൻ എന്നിവ കൂടി അപേക്ഷാ ഫോറത്തിൽ ഉൾപ്പെടുത്തുന്നത് പ്രസ്തുത വിഭാഗത്തിൽ നിന്നുള്ളവർക്ക് ഗുണകരമായിരിക്കുന്നതാണെന്നും പരാമർശം (2) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിരിക്കുന്നു.

(2) സർക്കാർ ഈ വിഷയം പരിശോധിച്ചു. സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലും വിവിധ ആവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന അപേക്ഷാഫോറങ്ങളിൽ സ്ത്രീ/പുരുഷൻ/ട്രാൻസ്ജെൻഡർ/ട്രാൻസ് സ്ത്രീ/ ട്രാൻസ് പുരുഷൻ എന്നിങ്ങനെ കൂട്ടിച്ചേർത്തു പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ തലവൻമാർക്കും
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും
ജെൻഡർ അഡ്വൈസർ, സാമൂഹ്യനീതി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ